# പതിനാലാം കേരള നിയമസഭ
## പതിനാറാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2548** | **05/11/2019-ൽ മറുപടിയ്ക്ക്**

**കേരള ബാങ്ക് രൂപീകരണത്തിന് നബാർഡ് മുന്നോട്ട് വെച്ച അധിക വ്യവസ്ഥകൾ**

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. എ. എൻ. ഷംസീർ<br>,, ഡി.കെ. മുരളി<br>,, പി.കെ. ശശി<br>,, വി. അബ്ദു റഹിമാൻ | | | ശ്രീ. കടകംപള്ളി സുരേന്ദ്രൻ<br>(സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി) |
| (എ) | നിശ്ചിത സമയത്തിനകം വ്യവസ്ഥകൾ പാലിച്ചുകൊണ്ട് കേരള ബാങ്ക് യാഥാർത്ഥ്യമാക്കാൻ സർക്കാർ നടത്തി വരുന്ന പ്രവർത്തനങ്ങൾ എന്തൊക്കെയാണ്; നബാർഡ് അധിക വ്യവസ്ഥകൾ മുന്നോട്ടു വച്ചിട്ടുണ്ടോ; എങ്കിൽ എന്തൊക്കെയെന്ന് അറിയിക്കാമോ; | (എ) | മലപ്പുറം ഒഴികെയുള്ള 13 ജില്ലാസഹകരണ ബാങ്കുകളെ കേരള സംസ്ഥാന സഹകരണ ബാങ്കിൽ ലയിപ്പിച്ച് കേരള ബാങ്ക് രൂപീകരിക്കുന്നതിന് റിസർവ് ബാങ്കിൽ നിന്നും അന്തിമ അനുമതി ലഭിച്ചിട്ടുണ്ട്.<br>ഈ വിഷയത്തിൽ കേരളാ ഹൈക്കോടതിയിൽ നിലവിലുള്ള സഹകരണ ഭേദഗതി നിയമം 14 A സംബന്ധിച്ച കേസുകളുടെ തീർപ്പുകൾക്ക് വിധേയമായി എത്രയും വേഗം ലയനം നടപ്പിലാക്കുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു.<br>അന്തിമ അനുമതിക്ക് റിസർവ്വ് ബാങ്ക് ചുവടെ പറയുന്ന നിബന്ധനകളാണ് മുന്നോട്ട് വച്ചിട്ടുള്ളത്.<br>1) 2018 മാർച്ച് 31-ന്റെ നബാർഡിന്റെ കണക്ക് പ്രകാരം ലയിപ്പിച്ച് രൂപീകരിക്കുന്ന ബാങ്കിന് 9 ശതമാനം മൂലധന പര്യാപ്തത ആർജ്ജിക്കണമെങ്കിൽ 97.92 കോടി രൂപയുടെ കുറവുണ്ട്. ലയനത്തിന് മുൻപ് ഈ തുക സംസ്ഥാന സർക്കാർ |

| | | | |
|---|---|---|---|
| | | | നൽകണം. മാത്രമല്ല, 9 ശതമാനം മൂലധന പര്യാപ്തത തുടർന്നും സംസ്ഥാന സർക്കാർ ഉറപ്പ് വരുത്തണം.<br><br>2) ജില്ലാ സഹകരണ ബാങ്കുകളുടെ നെറ്റ് വർത്തിന്റെ അടിസ്ഥാനത്തിൽ ലയന ശേഷമുള്ള ബാങ്കിൽ അംഗസംഘങ്ങളുടെ ഓഹരിമൂലധനം അനുവദിച്ച് നൽകണം. ഇതിനായി സംസ്ഥാന സഹകരണ ബാങ്ക് ഒരു ട്രാൻസ്ഫർ പ്രൈസ് വ്യവസ്ഥ രൂപപ്പെടുത്തണം.<br><br>3)വോട്ടവകാശം ഇല്ലാതെ വായ്പേ തര സംഘങ്ങളുടെ ഒരു പ്രതിനിധിയെ റൊട്ടേഷൻ അടിസ്ഥാനത്തിൽ പുതിയ ബാങ്കിന്റെ ഭരണസമിതിയിൽ പ്രത്യേക ക്ഷണിതാവായി ഉൾപ്പെടുത്തണം.<br><br>4) ബോർഡ് ഓഫ് മാനേജ്മെന്റിന്റെ ഘടന, അധികാരങ്ങൾ എന്നിവ അർബൺ കോ-ഓപ്പറേറ്റീവ് ബാങ്കുകൾക്ക് സമാനമായ മാർഗ്ഗ നിർദ്ദേശത്തിന് അനുസരിച്ചാവണം.<br><br>5) ലയനശേഷം ആർ.ബി.ഐയുടെ തത്വത്തിൽ ഉള്ള അംഗീകാരത്തിൽ നിഷ്കർഷിച്ചിരുന്ന 11, 13, 15 എന്നീ വ്യവസ്ഥകൾ പാലിക്കുന്നുണ്ടെന്ന് ഉറപ്പ് വരുത്തണം.<br><br>6) അന്തിമ അനുമതിക്ക് 2020 മാർച്ച് 31 വരെ പ്രാബല്യം ഉണ്ടായിരിക്കും. അതിനുശേഷം സംസ്ഥാന സർക്കാർ തൽസ്ഥിതി സംബന്ധിച്ച് നബാർഡ് മുഖാന്തിരം റിസർവ് ബാങ്കിന് റിപ്പോർട്ട് സമർപ്പിക്കണം. |

| | | | |
|---|---|---|---|
| (ബി) | കേരള സംസ്ഥാന സഹകരണ ബാങ്കിന്റെയും ജില്ലാ സഹകരണ ബാങ്കുകളുടെയും നിലവിലെ സാമ്പത്തികസ്ഥിതി വ്യക്തമാക്കാമോ; | (ബി) | കേരള സംസ്ഥാന സഹകരണ ബാങ്ക് 2018-19 വർഷത്തിൽ 224.88 കോടി രൂപ പ്രവർത്തനലാഭത്തിലും 73.36 കോടി രൂപ അറ്റലാഭത്തിലുമാണ്. തിരുവനന്തപുരം, പത്തനംതിട്ട, ജില്ല സഹകരണ ബാങ്കുകൾ ഒഴികെ എല്ലാ ജില്ലാ സഹകരണ ബാങ്കുകളും 2018-19 വർഷത്തിൽ അറ്റലാഭത്തിലാണ്. |
| (സി) | മലപ്പുറം ജില്ലാ ബാങ്ക് ലയനത്തിന് അനുകൂല തീരുമാനം എടുക്കാത്തതിനാൽ കേരള ബാങ്കിന്റെ പ്രവർത്തനം ആ ജില്ലയിൽ എത്തരത്തിലായിരിക്കും, പ്രാഥമിക കാർഷിക വായ്പാ സംഘങ്ങൾക്ക് നേരിട്ട് അംഗത്വം നൽകുമോ; | (സി) | ഇക്കാര്യം ഗവൺമെന്റ് പരിശോധിക്കുന്നതാണ്. |
| (ഡി) | സംസ്ഥാന-ജില്ലാ സഹകരണ ബാങ്കുകളിലെ ജീവനക്കാരുടെ താല്പര്യം സംരക്ഷിക്കാൻ സ്വീകരിക്കാനുദ്ദേശിക്കുന്ന നടപടി അറിയിക്കാമോ? | (ഡി) | സംസ്ഥാന ജില്ലാ സഹകരണ ബാങ്കുകളിലെ ജീവനക്കാരുടെ ശമ്പളം പരിഷ്കരിക്കുന്നതിനും മറ്റ് സേവന വ്യവസ്ഥകൾ പരിഷ്കരിക്കുന്നതിനും ശമ്പള പരിഷ്കരണ കമ്മീഷനെ നിയമിച്ചിട്ടുണ്ട്. ടി കമ്മീഷൻ റിപ്പോർട്ട് ലഭിച്ചതിനുശേഷം സർക്കാർ ഉചിതമായ നടപടി സ്വീകരിക്കുന്നതായിരിക്കും. |

സെക്ഷൻ ഓഫീസർ.